**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1529** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അക്കൗണ്ടുകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ 1250 ക്ഷേത്രങ്ങളുടെയും അക്കൗണ്ടുകൾ ഡിജിറ്റൈസ് ചെയ്യുന്ന സമഗ്രമായ പദ്ധതിയുടെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** തിരുവിതാംകൂർ ദേവസ്വം ബോർഡും KITFRA യും തമ്മിൽ ഒരു ധാരണാ പത്രം (MoU) ഒപ്പിട്ടിട്ടുണ്ട്. തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

**(ബി)** ഇതിനായി രൂപീകരിച്ചിരിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേക്ക് (പി.എം.യു.) വിദഗ്ധരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ തലവനായി ഡോ.സന്തോഷ് ബാബു IAS (റിട്ട.) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. യൂണിറ്റിനു കീഴിലുള്ള മറ്റ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(സി)** പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേക്ക് ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ദേവസ്വം അക്കൗണ്ട്സ് ഓഫീസർക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ഫിനാൻസ് ഓഫീസറുടെ ചുമതല നൽകുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**